**പതിനാലാം കേരളനിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1400 — 02.03.2017 - ലെ മറുപടിയ്ക്ക്

**സാഫല്യം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി. ദിവാകരൻ** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവന നിർമ്മാണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ധനസഹായ പദ്ധതികളുടെ വിശദവിവരം നൽകുമോ ; | (എ) <u>ഗൃഹശ്രീ ഭവനപദ്ധതി</u><br>(1) സ്വന്തമായി 2 സെന്റ് / 3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/ താഴ്ന്ന വരുമാന വിഭാഗ(LIG)ത്തിൽ പ്പെട്ടവർക്ക് സന്നദ്ധ സംഘടന/ എൻ.ജി.ഒ./ കാരുണ്യവാന്മാരായ വ്യക്തികളുടെയും സഹകരണത്തോടെ വീട് നിർമ്മാണത്തി നായി രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. ഒന്നാംഘട്ടമെന്ന നിലയിൽ (2013-14 വർഷത്തിൽ) 525 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതി നായി 10.50 കോടി രൂപ ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. 20/02/2017 ലെ കണക്കു പ്രകാരം 14 ജില്ലകളിൽ ഗഡുക്കൾ അനുവദിച്ചത് സംബന്ധിച്ച വിവരം |

| | | |
|---|---|---|
| | | അനുബന്ധം I ആയി ചേർക്കുന്നു.<br>(2) 2014-15 വർഷത്തിൽ (രണ്ടാം ഘട്ടമായി) ഗൃഹശ്രീ പദ്ധതി പ്രകാരം 14.19 കോടി രൂപ ഉപയോഗപ്പെടുത്തി ബോർഡ് 709 വീടുകൾക്ക് ധനസഹായം നൽകി വരുന്നു. 20/02/2017-ലെ കണക്കു പ്രകാരം 14 ജില്ലകളിലും ഗഡുക്കൾ അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു.<br>(3) 2015-16 വർഷത്തിൽ (മൂന്നാം ഘട്ടമായി) ഗൃഹശ്രീ പദ്ധതി പ്രകാരം അനുവദനീയമായ വീടുകൾക്കായി 20/02/2017-ലെ കണക്കു പ്രകാരം 14 ജില്ലകളിൽ ഗഡുക്കൾ അനുവദിച്ച വിവരങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു. |
| ബി) | ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കുന്ന സാഫല്യം പദ്ധതിയുടെ വിശദാംശം നൽകുമോ ; | (ബി) ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടുകൂടിയും പഞ്ചായത്തുകളുടെയും സന്നദ്ധ സംഘടന/ കാരുണ്യവാന്മാരായ വ്യക്തികളുടെയും സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |

സാഫല്യം ഭവന പദ്ധതിയുടെ അംഗീകരിച്ച സാമ്പത്തിക ഘടന പ്രകാരം 327 ച.അടി (സർവ്വീസടക്കം) വിസ്തീർണ്ണം വരുന്ന ഒരു ഫ്ലാറ്റിന്റെ നിർമ്മാണ ചെലവായ 3.50 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും 25000/- രൂപ സന്നദ്ധ സംഘടന/ സ്പോൺസർ വിഹിതവും 25,000/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ഹഡ്കോ വായ്പ സമാഹരിക്കാൻ ഗ്യാരന്റി നൽകാത്തതിനാൽ ടി തുക പഞ്ചായത്ത് വിഹിതമായി ലഭ്യമാകുന്ന പഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

(സി) അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം Beneficiary Selection committee യ്ക്കായിരിക്കും. ടി കമ്മിറ്റിയിൽ ചെയർമാൻ ഉൾപ്പെടെ 3 അംഗങ്ങൾ ആണുള്ളത്. ഭവന നിർമ്മാണ ബോർഡിന്റെ ബന്ധപ്പെട്ട ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും ചെയർമാൻ. പദ്ധതി നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും കമ്മിറ്റിയുടെ

ഒരു മെമ്പർ. പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർ/വാർഡ് കൗൺസിലർ ആയിരിക്കും മറ്റൊരു മെമ്പർ .

ഭൂ-ഭവന രഹിതരായ ദുർബല വിഭാഗ ക്കാരായ വ്യക്തികളുടെ വിവര ശേഖരണത്തി നായി കേരളത്തിലെ പതിനാല് ജില്ലകളിലും പ്രചാരത്തിലുള്ള മൂന്ന് മലയാള ദിനപത്രങ്ങളിലെങ്കിലും വ്യാപകമായ പരസ്യ പ്രചാരണം നടത്തി ഒരു ജില്ലാതല ഡേറ്റാ ബാങ്ക് രൂപീകരിക്കുന്നതും അതിന് 100/- രൂപാ വീതം രജിസ്ട്രേഷൻ ഫീസായി ഗുണഭോക്താവ് ഒടുക്കേണ്ടതുമാണ്. ടി ഡേറ്റാ ബാങ്കിൽ നിന്നും പദ്ധതിക്ക് വേണ്ടി പദ്ധതി നടപ്പിലാക്കുന്ന പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ സമീപ മുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തി ലെയോ ഗുണ ഭോക്താക്കൾക്ക് മുൻഗണന നൽകി അപേക്ഷ വാങ്ങി (അപേക്ഷാ ഫാറം ഫീസ് 10 രൂപ), യുക്തമായ നടപടിക്രമത്തിലൂടെ ഗുണഭോക്താവിനെ Beneficiary Selection committee തെരഞ്ഞെടുക്കുന്നതാണ്.

Sd/-

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ജില്ല | ഗഡു വിതരണം ചെയ്തത് | | | |
|---|---|---|---|---|
| | I | II | III | IV |
| തിരുവനന്തപുരം | 101 | 101 | 101 | 101 |
| കൊല്ലം | 131 | 131 | 131 | 129 |
| ആലപ്പുഴ | 28 | 28 | 28 | 27 |
| പത്തനംതിട്ട | 15 | 15 | 15 | 15 |
| കോട്ടയം | 10 | 10 | 10 | 10 |
| ഇടുക്കി | 11 | 11 | 11 | 11 |
| എറണാകുളം | 23 | 23 | 23 | 22 |
| തൃശ്ശൂർ | 6 | 6 | 6 | 6 |
| പാലക്കാട് | 73 | 69 | 68 | 68 |
| മലപ്പുറം | 55 | 55 | 55 | 55 |
| കോഴിക്കോട് | 46 | 46 | 44 | 42 |
| വയനാട് | 6 | 6 | 6 | 6 |
| കണ്ണൂർ | 14 | 14 | 14 | 14 |
| കാസർഗോഡ് | 6 | 6 | 6 | 5 |
| ആകെ | 525 | 521 | 518 | 511 |

Sabha

**<u>അനുബന്ധം II</u>**

| ജില്ല | ഗഡു വിതരണം ചെയ്തത് | | | |
|---|---|---|---|---|
| | I | II | III | IV |
| തിരുവനന്തപുരം | 143 | 138 | 137 | 121 |
| കൊല്ലം | 51 | 51 | 50 | 47 |
| ആലപ്പുഴ | 71 | 71 | 69 | 69 |
| പത്തനംതിട്ട | 19 | 19 | 17 | 16 |
| കോട്ടയം | 61 | 61 | 61 | 61 |
| ഇടുക്കി | 29 | 29 | 27 | 26 |
| എറണാകുളം | 47 | 47 | 39 | 38 |
| തൃശ്ശൂർ | 5 | 5 | 5 | 5 |
| പാലക്കാട് | 135 | 134 | 133 | 124 |
| മലപ്പുറം | 31 | 30 | 30 | 22 |
| കോഴിക്കോട് | 36 | 33 | 32 | 35 |
| വയനാട് | 30 | 30 | 22 | 21 |
| കണ്ണൂർ | 29 | 27 | 26 | 23 |
| കാസർഗോഡ് | 5 | 5 | 3 | 3 |
| **ആകെ** | **692** | **680** | **651** | **611** |

Sabha S

**അനുബന്ധം III**

| ജില്ല | ഗഡു വിതരണം ചെയ്തത് | | | |
|---|---|---|---|---|
| | I | II | III | IV |
| തിരുവനന്തപുരം | 236 | 236 | 228 | 205 |
| കൊല്ലം | 129 | 126 | 125 | 105 |
| ആലപ്പുഴ | 183 | 173 | 161 | 116 |
| പത്തനംതിട്ട | 28 | 28 | 25 | 20 |
| കോട്ടയം | 95 | 82 | 83 | 69 |
| ഇടുക്കി | 111 | 111 | 110 | 96 |
| എറണാകുളം | 36 | 36 | 35 | 24 |
| തൃശ്ശൂർ | 5 | 5 | 5 | 3 |
| പാലക്കാട് | 180 | 179 | 170 | 128 |
| മലപ്പുറം | 129 | 126 | 122 | 115 |
| കോഴിക്കോട് | 57 | 57 | 60 | 47 |
| വയനാട് | 8 | 6 | 7 | 7 |
| കണ്ണൂർ | 32 | 34 | 24 | 14 |
| കാസർഗോഡ് | 11 | 10 | 10 | 8 |
| ആകെ | 1240 | 1209 | 1165 | 957 |